(ബി) അതിൽ കണ്ണത്തൂർ താലൂക്കിൽ, ശാസ്താംകോട്ട, ശ്രീനാടു് വടക്കു്, ശ്രീനാട തെക്കു്, കണ്ണത്തൂർ അടൂർ, കടമ്പനാടു്, പടിഞ്ഞാറെ കല്ലട, കൊട്ടമൺ എന്നീ പഞ്ചായത്തിൽ ഉൾപ്പെട്ട ഇറിഗേഷൻ വക്കുകൾ ഏതെല്ലാം?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) കൊല്ലം ഡി. ഡി. സി. യുടെ ഇറിഗേഷൻ സബ്കമ്മിറ്റി അങ്ങനെയുള്ള മൈനർ ഇറിഗേഷൻ വക്കുകളുടെ ഒരു ലിസ്റ്റു് തയ്യാറാക്കിയിട്ടുണ്ടു്. പ്രസ്തുത ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(ബി) കണ്ണത്തൂർ താലൂക്കിൽ ഉൾപ്പെട്ടതും കൊല്ലം ഡി. ഡി. സി. അംഗീകരിച്ചതുമായ മൈനർ ഇറിഗേഷൻ വക്കുകളുടെ ഒരു ലിസ്റ്റു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

ശ്രീ. പി. സി. ആദിച്ചൻ : മേശപ്പുറത്തു വച്ചിട്ടുണ്ടെന്നു പറയുന്നു. എനിക്കു് കാപ്പി കിട്ടിയിട്ടില്ല.

ശ്രീ. ഈ. പി. പൗലോസു് : ലിസ്റ്റു വച്ചിട്ടില്ലെങ്കിൽ ഇപ്പോഴുതന്നെ വച്ചേക്കാം.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ : ഇങ്ങനെ ലിസ്റ്റു് മെമ്പറന്മാർക്കു് കൊടുക്കുന്നതു് അതു സ്റ്റഡിചെയ്തു ഉപചോദ്യം ഉണ്ടെങ്കിൽ ചോദിക്കാനാണു്. ലിസ്റ്റു കിട്ടാത്തതുകൊണ്ടു് അതു കൊടുത്തശേഷം ചോദ്യം ചോദിക്കാനുള്ള സൗകര്യം നൽകുന്നതിനു് ഈ ചോദ്യം മാറ്റിവയ്ക്കണം.

Mr Speaker : There is no objection in doing it. (see page 3344)

ടൂറിസം വികസിപ്പിക്കുന്നതിനുള്ള നടപടികൾ

*785. [4] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസിപ്പിക്കുന്നതിനു സംസ്ഥാന ഗവണ്മെന്റു് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടു് ;

(ബി) സംസ്ഥാനത്തുള്ള ടൂറിസ്റ്റു കേന്ദ്രങ്ങൾ ഏവ ; ഈ കേന്ദ്രങ്ങളിൽ ടൂറിസ്റ്റുകൾക്കു് ചെയ്തുകൊടുത്തുവരുന്ന പ്രത്യേക സൗകര്യങ്ങൾ ഏവ ;

(സി) തൊടുപുഴ താലൂക്കിൽ, ഇടുക്കി പ്രോജക്റ്റിനോടു് അനുബന്ധിച്ചുള്ള "കളമാവു്" എന്ന സ്ഥലം ഒരു ടൂറിസ്റ്റു കേന്ദ്രമാക്കുന്നതിനു് നടപടികൾ കൈക്കൊള്ളുമോ ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) ടൂറിസം വികസിപ്പിക്കുന്നതിനു ഗവണ്മെന്റു സ്വീകരിച്ചിട്ടുള്ള നടപടികളിൽ പ്രധാനമായവ താഴെ ചേർക്കുന്നു :—

1. ടൂറിസ്റ്റുകൾക്കു് താമസസൗകര്യം, ഭക്ഷണസൗകര്യം മുതലായവ ആധുനികരീതിയിൽ ടൂറിസ്റ്റു ഡിപ്പാർട്ടുമെന്റുവക ഹോട്ടലുകളിലും ടൂറിസ്റ്റു ബംഗ്ലാവുകളിലും P. W. D. റസ്റ്റു ഹൗസുകളിലും ഏർപ്പാടു ചെയ്യുക.

2. പുതിയ ടൂറിസ്റ്റു ബംഗ്ലാവുകൾ, റെസ്റ്റുഹൗസുകൾ മുതലായവ നിർമ്മിക്കുക.

3. ടൂറിസ്റ്റുകൾക്കു് ഉല്ലാസയാത്രയ്ക്കു ബോട്ടുകൾ ഏർപ്പാടുചെയ്യുക.

† Placed in the library.

LIBRARY ARCHIVES Kerala Legislative Assembly

4. കേരളത്തിന്റെ ടൂറിസ്‌ം പ്രാധാന്യത്തെയും പ്രത്യേകതകളെയും പറ്റി ഇൻഡ്യയിലും വിദേശരാജ്യങ്ങളിലും പ്രചാരണം നടത്തുക.

5. അന്യദേശങ്ങളിലെ ടാവൽ ഏജൻസികളെ ക്ഷണിച്ചുവരുത്തി കേരളത്തിന്റെ ടൂറിസ്‌ം പ്രാധാന്യത്തെ നേരിൽ കാണിച്ചു കൊടുക്കുക.

6. ടാവൽ ഏജൻസികളുടെ പ്രവർത്തനത്തിന് സഹകരണം ചെയ്തു കൊടുക്കുക.

മേൽപറഞ്ഞ സഹകരണങ്ങൾ ഏർപ്പെടുത്തുന്നതിനു ഉതകുന്ന പരിപാടികൾ മൂന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തുള്ള ടൂറിസ്‌റ്റുകേന്ദ്രങ്ങൾ തിരുവനന്തപുരം, കോവളം, നെയ്യാർഡാം, പൊന്മുടി, വർക്കല, കൊല്ലം, കോട്ടയം, പീരുമേട്, തേക്കടി, ഇടപ്പാളയം, മൂന്നാർ, ആലുവാ, എറണാകുളം, തൃശ്ശൂർ, ഗുരുവായൂർ, മലമ്പുഴ, കോഴിക്കോട്, സുൽത്താൻബത്തേരി, നല്ലളം, കണ്ണൂർ, പിച്ചി എന്നിവയാണ്. ഇവിടങ്ങളിൽ ടൂറിസ്‌റ്റുകൾക്കു താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഇപ്പോൾ ഉണ്ട്. തേക്കടിയിലും, എറണാകുളത്തും ബോട്ടുകളിൽ ഉല്ലാസയാത്ര ചെയ്യുന്നതിനും സൗകര്യമുണ്ട്.

(സി) മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു തന്നെ സാദ്ധ്യമല്ല. നാലാംപദ്ധതി തയാറാക്കുമ്പോൾ ഈ കാര്യം പരിഗണിക്കുന്നതാണ്.

ശ്രീ. സി. എ. മാത്യു: കളമാവ് എന്ന സ്ഥലം അതിന്റെ പ്രത്യേകമായിട്ടുള്ള കിടപ്പും പ്രത്യേകമായിട്ടുള്ള കാലാവസ്ഥയും കണക്കാക്കി അതു വിദേശിയരായിട്ടുള്ള ടൂറിസ്‌റ്റ്സിനെ ആകർഷിക്കാൻ സാധ്യതയുള്ളതു. ഇപ്പോൾ ടൂറിസ്‌റ്റുകളെ ആകർഷിച്ചുകൊണ്ടിരിക്കുന്ന സ്ഥലവുമായിട്ടുകൊണ്ട് അവിടം ഒരു ടൂറിസ്‌റ്റുകേന്ദ്രമാക്കുന്നതിനുള്ള നടപടിക്കു നാലാം പദ്ധതിയിൽ മുൻഗണന നൽകുമോ?

ശ്രീ. പി. പി ഉമ്മർകോയ: ഈ സ്ഥലത്തു് ഇടുക്കി പദ്ധതിയുടെ വലിയ ജലാശയമുണ്ടാകുമെന്നും അതു ടൂറിസ്‌റ്റുകൾക്കു ആകർഷകമായിത്തീരാൻ ഇടയുണ്ടെന്നും അവിടത്തെ കാലാവസ്ഥയും പ്രകൃതിയും സുഖകരമാണ് എന്നതു കണക്കിലെടുത്തുമാണ് നാലാംപദ്ധതി തയാറാക്കുമ്പോൾ ഈ കാര്യം പരിഗണിക്കുന്നതാണെന്നു പറഞ്ഞിട്ടുണ്ട്.

ശ്രീ. എം. നാരായണക്കുറുപ്പ്: ആഴ്ചയിലൊരിക്കലോ രണ്ടാഴ്ചയിലൊരിക്കലോ ഈ സ്ഥലങ്ങൾ ഒക്കെ സന്ദർശിക്കുന്നതിനു ടാൻസ്പോർട്ട് സൗകര്യം ഏർപ്പെടുത്തുന്നതിനെപ്പറ്റി ഗവണ്മെന്റിനൊന്നു പരിഗണിച്ചുകൂടെ?

ശ്രീ. പി. പി. ഉമ്മർകോയ: ടൂറിസ്‌റ്റുകൾക്കു അങ്ങനെയുള്ള സ്ഥലങ്ങൾ പോയികാണാൻ സൗകര്യം ഉണ്ടാക്കാൻവേണ്ടി ടൂറിസ്‌റ്റു കോച്ചുകൾ ഏർപ്പെടുത്താനാലോചനയുണ്ട്. അങ്ങനെയുള്ള ടൂറിസ്‌റ്റുകോച്ചുകൾ 3-ാം പദ്ധതിക്കാലത്തുതന്നെ ഏർപ്പെടുത്തുന്നതാണ്.

ശ്രീ കെ. എം. ജോർജ്: പെരിയാറിന്റെ തീരപ്രദേശവും വളരെ പ്രകൃതിരമണീയവും വന്യമൃഗസങ്കേതങ്ങളും ഉൾക്കൊണ്ടും നിറഞ്ഞും സമ്പന്നമായിക്കിടക്കുന്നതും നല്ല കാലാവസ്ഥയോടുകൂടിയതുമായ ഉതകാമണ്ഡലം എന്ന സ്ഥലം ഒരു ടൂറിസ്‌റ്റുകേന്ദ്രമാക്കാൻ ആലോചനയുണ്ടെന്നു പല പ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്. അതുകൊണ്ടു അവിടെ ഒരു ടൂറിസ്‌റ്റുകേന്ദ്രമാക്കുന്നതിനുള്ള നടപടികൾക്കു നാലാം പദ്ധതിയിൽ മുൻഗണന കൊടുക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. പി. പി. ഉമ്മർകോയ: ബഹുമാനപ്പെട്ട മെമ്പർ അങ്ങനെ പ്രത്യേകിച്ചു് ഗവണ്മെന്റിനെ അറിയിച്ചാൽ നാലാം പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കെ. വിശ്വനാഥൻ : വിദേശിയരായിട്ടുള്ള ടൂറിസ്റ്റുകൾക്ക് ആകർഷകമാകത്തക്ക നിലയിൽ ഹൈറേഞ്ചിലുള്ള എല്ലാ പ്രധാനപ്പെട്ട സ്ഥലങ്ങളും തുടർച്ചയായി നടന്നു കാണുന്നതിനു പമ്പാ പ്രോജക്ട് മുതൽ പറമ്പിക്കുളം പ്രോജക്ടുവരെ ഹൈറേഞ്ചിൽകൂടിയുള്ള ഗതാഗതസൗകര്യം ഉണ്ടാക്കിക്കൊടുക്കാൻ ഗവണ്മെന്റു ആലോചിക്കുമോ ? ഇപ്പോഴത്തെ ടൂറിസ്റ്റുകൾക്കാണെങ്കിൽ മൂന്നാറിൽനിന്നും എറണാകുളത്തു വന്നിട്ടുവേണം പറമ്പിക്കുളത്തിനും മറ്റും പോകാൻ. അങ്ങനെ ചെയ്യുന്നപക്ഷം അതു ടൂറിസ്റ്റുകളെ ആകർഷിക്കാൻ വളരെ അധികം പ്രയോജനപ്പെടും.

ശ്രീ. പി. പി. ഉമ്മർകോയ : ടൂറിസ്റ്റു കേന്ദ്രത്തിലേക്കു സൌകര്യമുള്ള റോഡുകളും ഉണ്ടാക്കണമെന്നതന്നെയാണു ഗവണ്മെൻറുദ്ദേശിക്കുന്നതു്. എന്നാൽ മേൽപ്പറഞ്ഞ പുതിയറോഡുകളും ഉണ്ടാക്കുന്ന കാര്യം ഇതുവരെ ഗവണ്മെൻറു ആലോചിച്ചിട്ടില്ല. ടൂറിസ്റ്റു കേന്ദ്രങ്ങളിലേക്കു് കൂടുതൽ ഗതാഗതസൗകര്യം ഉണ്ടാക്കുന്ന കാര്യം ആലോചിക്കാം.

ശ്രീ. എം. എ. ആൻറണി : ലോകപ്രസിദ്ധനായ ശ്രീ. ശങ്കരാചാര്യരുടെ ജന്മസ്ഥലമായ കാലടിയിൽ ഒരു ടൂറിസ്റ്റുകേന്ദ്രം ഉണ്ടാക്കുന്ന കാര്യം ആലോചിക്കുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : കാലടിയിൽ ഒരു ടൂറിസ്റ്റുകേന്ദ്രം ഉണ്ടാക്കുന്ന കാര്യം ആലോചിച്ചിട്ടില്ല.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : വളരെ പുരാതനകാലംമുതൽ ചരിത്രപ്രസിദ്ധമായ പഴയ തിരുനാവായ മണൽപ്പുറത്തു ഒരു ടൂറിസ്റ്റുകേന്ദ്രം ഉണ്ടാക്കുന്നകാര്യം ഗവണ്മെൻറാലോചിക്കുമോ ? അവിടെ എല്ലാ ആണ്ടിലും സർവ്വോദയമേള മുതലായവ നടക്കുന്നുണ്ടു്. അങ്ങനെയുള്ള ചരിത്രപ്രസിദ്ധമായ മണൽപ്പുറത്തു് ഒരു ടൂറിസ്റ്റുകേന്ദ്രം ഉണ്ടാക്കുന്നകാര്യം ആലോചിക്കുമോ ?

മി. സ്പീക്കർ : എല്ലാ സ്ഥലങ്ങളും ടൂറിസ്റ്റുകേന്ദ്രങ്ങളാക്കേണ്ടതു് ഗവണ്മെൻറിനെ അറിയിച്ചാൽ ഗവണ്മെൻറു അതേപ്പറ്റി അന്വേഷിക്കും.

ശ്രീ. പി. പി. ഉമ്മർകോയ : സർ, നമ്മുടെ ഈ സംസ്ഥാനം ആകെ ടൂറിസ്റ്റുകളുടെ പാരഡൈസാണു്. ഈ രാജ്യമാകെ ടൂറിസ്റ്റുകേന്ദ്രമായിട്ടാണു് വിദേശിയർ കരുതിക്കൊണ്ടിരിക്കുന്നതു്. രാജ്യത്തുടനീളം വളരെ ആകർഷകങ്ങളായ കാഴ്ചകളുണ്ടു്; ഉല്ലാസത്തിനു് പറ്റിയ സ്ഥലങ്ങളുമുണ്ടു്. പക്ഷേ, എല്ലാ സ്ഥലത്തും താമസസൗകര്യവും മറ്റും ഏർപ്പെടുത്തുന്നതു പ്രയാസമുള്ള കാര്യമായിരിക്കും.

ശ്രീ. ഈ. പി. ഗോപാലൻ : നമ്മുടെ പദ്ധതികളിൽ എല്ലാംതന്നെ ഹൈറേഞ്ചസിൽകൂടിയുള്ള റോഡിൻറെ പ്രപ്പോസൽ സുണ്ടായിരുന്നു. അതൊന്നും നടപ്പാക്കിയിട്ടില്ലെന്നേയുള്ള. അപ്പോഴത്തെ ആ രീതിയിൽ ഹൈറേഞ്ചസിൽകൂടിയുള്ള ഏകദേശം ചില സ്ഥലങ്ങളിൽകൂടിയെങ്കിലും ഈ റോഡുകളുടെ പ്രവർത്തനം തുടർന്നു നടത്തിക്കൊണ്ടുപോകാൻ ഗവണ്മെൻറു തയാറാകുമോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ ഒരു റോഡുണ്ടാക്കണമെന്നുള്ള ആലോചനയുണ്ടായിരുന്നു. എന്നാൽ അതു മൂന്നാംപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. ആർ. സുഗതൻ : ടൂറിസ്റ്റുകേന്ദ്രങ്ങളിലേക്കുള്ള റോഡുകളിൽകൂടി ഉന്തുവണ്ടിയും, കാളവണ്ടിയും മറ്റും കൊണ്ടുപോകാൻ പാടില്ല എന്നു നിരോധിക്കാൻ ഗവണ്മെൻറു തയാറുണ്ടോ ?

ശ്രീ. പി. പി. ഉമ്മർകോയ : അങ്ങനെ നിരോധിക്കേണ്ട ആവശ്യമെന്താണെന്നു മനസ്സിലാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly